(സി) ഈ ഇനത്തിൽ ഡിസംബർ 2005 വരെ റിട്ടയർ ചെയ്ത ജീവനക്കാർക്ക് വിതരണം ചെയ്യുന്നതിനായി ഉദ്ദേശം 250 കോടി രൂപ വേണ്ടി വരും. കോർപ്പറേഷന്റെ സാമ്പത്തിക നില മെച്ചപ്പെടുന്ന മുറയ്ക്ക് ആനുകൂല്യങ്ങൾ നൽകുവാൻ കഴിയും.

(ഡി) കേരള ഹൈക്കോടതിയുടെ ഡബ്ലു. പി. (സി) നം. 23918/04 തീയതി 12-8-04-ലേയും ഡബ്ലു. എ.-നം. 109/95 തീയതി 31-5-05ലേയും വിധി പ്രകാരം ജീവനക്കാരൻ റിട്ടയറായി നാലു മാസത്തിനകം പി.എഫ്. ക്ഷേമനിധി ആനുകൂല്യങ്ങൾ കൊടുക്കേണ്ടതാണെന്ന് ഉത്തരവായിട്ടുണ്ട്.

ജലപാതകൾ ഗതാഗതയോഗ്യമാക്കുന്നതിന് പദ്ധതി

158(1438) ശ്രീ. കളത്തിൽ അബ്ദുള്ള:

ശ്രീ. പി. കെ. കെ. ബാവ:

ശ്രീ. സി. മോയിൻകുട്ടി:

ശ്രീ. ടി. പി. എം. സാഹിർ:

ശ്രീ. നാലകത്ത് സൂപ്പി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന കായലുകളും തോടുകളും ചേർന്ന് ജല പാത പല ഭാഗങ്ങളിലും സഞ്ചാരയോഗ്യമല്ലാതായിത്തീർന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ടോ;

(സി) എങ്കിൽ ഇതിന്റെ പണി ഏതെല്ലാം മേഖലകളിൽ പൂർത്തിയാക്കിയെന്നും ഏതെല്ലാം മേഖലകളിൽ പണി ആരംഭിക്കുന്നുണ്ടെന്നുമുള്ള വിവരം വ്യക്തമാക്കുമോ;

(ഡി) ഇതിന് കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തിന്റെ തെക്കെ അറ്റം മുതൽ വടക്കേയറ്റം വരെ ജല പാത നിർമ്മിച്ച് അവ വിനോദസഞ്ചാരത്തിനും ജലഗതാഗതത്തിനും യോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ടി.എസ്. കനാലിന്റെ ഐ.എസ്.ആർ.ഒ. ബ്രിഡ്ജ് മുതൽ പള്ളിത്തുറ വരെയുള്ള ഭാഗം ഗതാഗത യോഗ്യമാക്കിയിട്ടുണ്ട്. കൊല്ലം നഗരത്തിന്റെ ഹൃദയഭാ

LIBRARY ARCHIVES Kerala Legislative Assembly

ഗത്തുകൂടി ഒഴുകുന്ന കൊല്ലം തോടിലെ പായലും ചെളിയും മറ്റു മാലിന്യങ്ങളും നീക്കി ഗതാഗത യോഗ്യമാക്കുന്നതിനുള്ള പണികൾ പൂർത്തിയായിക്കൊണ്ടിരിക്കുന്നു. കോട്ടയം-ആലപ്പുഴ, കോട്ടയം-വൈക്കം, ചങ്ങനാശ്ശേരി-ആലപ്പുഴ, ഇവയുടെ പുനരുദ്ധാരണ പണികൾ കെ.എസ്.റ്റി.പി.-യുടെ കീഴിൽ ചെയ്തുവരുന്നു. ഈ കനാലുകളും കായലുകളുമായി ബന്ധിപ്പിക്കുന്ന ഉപകനാലുകളും കേന്ദ്രാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കോട്ടപ്പുറം മുതൽ അണ്ടത്തോട് വരെയുള്ള 68 കിലോ മീറ്റർ നീളത്തിൽ ജലപാത വികസനത്തിന് കേന്ദ്ര സഹായ പദ്ധതിയിൽ 77 കോടി രൂപയുടെ ഒരു പദ്ധതി റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഐ.ഡബ്ല്യു.എ.ഐ. ആവശ്യപ്പെട്ട വിശദാംശങ്ങൾ തയ്യാറാക്കി വരുന്നു. കാസർഗോഡ് ജില്ലയിലെ കോട്ടപ്പുറം മുതൽ കൊറ്റി വരെയുള്ള ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി 37 ബോട്ട് ജെട്ടികൾ പൂർത്തിയായിട്ടുണ്ട്. കൊറ്റി-വളപട്ടണം-പറശ്ശിനിക്കടവ് ജലപാതയുടെ നവീകരണത്തിന്റെ ഭാഗമായി സുൽത്താൻ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ നബാഡിന്റെ സഹായത്തോടുകൂടി നടപ്പിലാക്കി വരുന്നുണ്ട്. മാഹി-വളപട്ടണം കനാൽ നിർമ്മാണത്തിന് വേണ്ടിയുള്ള പരിസ്ഥിതി പ്രത്യാഘാത പഠനം നടത്തി പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. കോരപ്പുഴ മുതൽ കല്ലായ് വരെയുള്ള കനോലി കനാലിന്റെ പുനരുദ്ധാരണ പ്രവർത്തികൾ നടന്നുവരുന്നു.

ടൂറിസം വികസനത്തിനായി കൊല്ലം തോട്ടിൽ കൊച്ചുപിലാംമൂടു മുതൽ 500 മീറ്റർ സ്ഥലത്ത് ബോട്ട് സവാരി ഉൾപ്പെട്ട ഒരു ജലകേളി കേന്ദ്രം നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ടെണ്ടർ നടപടികൾ ആയിട്ടുണ്ട്. താഴെ പറയുന്ന രണ്ട് പദ്ധതികൾക്ക് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചിട്ടുണ്ട്.

1. പാർവ്വതി പുത്തനാറിലെ മണ്ണും ചെളിയും നീക്കം ചെയ്യൽ.
2. ആക്കുളം വേളി കായലിലെ ചെളിയും മറ്റു മാലിന്യങ്ങളും നീക്കം ചെയ്യൽ.

ഇതിൽ ആദ്യത്തെ പദ്ധതിക്ക് ടെൻഡർ വിളിച്ചിട്ടുണ്ട്.

ടൂറിസം വകുപ്പിന്റെ ഫണ്ട് ഉപയോഗിച്ച് താഴെ വിവരിക്കുന്ന പ്രവർത്തികൾ നടപ്പിലാക്കിയിട്ടുണ്ട്.

1. ആലപ്പുഴ ജില്ലയിലെ ടൗൺകനാലുകളുടെ പുനരുദ്ധാരണവും അഭിവൃദ്ധിപ്പെടുത്തലും.
2. ആക്കുളം കായൽ വൃത്തിയാക്കുന്ന പ്രവൃത്തി.
3. വേളി മുതൽ ആക്കുളം വരെയുള്ള നടപ്പാത നിർമ്മാണം.

കൂടാതെ കോഴിക്കോട് ജില്ലയിലെ കളിപൊയ്കയുടെ സൗന്ദര്യവത്കരണത്തിന്റെ പ്രവർത്തനവും നടന്നുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ഡി) സംസ്ഥാനത്തെ ജലപാതകളുടെ പുനരുദ്ധാരണ സംരക്ഷണ പദ്ധതികൾക്ക് 12-ാം ധനകാര്യ കമ്മീഷൻ വഴി കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ട്. അതിന്റെ പണികൾ ഉടൻതന്നെ ആരംഭിക്കുന്നതാണ്.

ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും ബോട്ടുകൾ വാങ്ങാൻ അനുമതി

159(1439) ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും എത്ര ബോട്ടുകൾ വാങ്ങാൻ അനുമതി ഉത്തരവ് നൽകിയിട്ടുണ്ടെന്നും ഏത് ഉത്തരവ് പ്രകാരമാണ് അനുമതി നൽകിയതെന്നും വ്യക്തമാക്കുമോ;

(ബി) ഇതനുസരിച്ച് എത്ര ബോട്ടുകൾ ജലഗതാഗത വകുപ്പ് വാങ്ങിയെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ ബോട്ടിനും ജലഗതാഗത വകുപ്പ് എത്ര തുകയാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) മാനദണ്ഡപ്രകാരമുള്ള ഗുണനിലവാര പരിശോധനകൾ പൂർത്തീകരിച്ച് തന്നെയാണോ ബോട്ടുകൾ ജലഗതാഗത വകുപ്പ് വാങ്ങിയതെന്ന് വ്യക്തമാക്കാമോ;

(ഇ) ജലഗതാഗത വകുപ്പ് പ്രസ്തുത ബോട്ടുകൾ വാങ്ങിയിട്ടില്ലെങ്കിൽ അതിന് കാരണമെന്താണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ജലഗതാഗത വകുപ്പിനുവേണ്ടി കേരളാ ഷിപ്പിംഗ് ആൻഡ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽ നിന്നും 25-8-2003-ലെ ജി.ഒ.(ആർ.ടി) നം. 400/03/ട്രാൻ. പ്രകാരം 11 സ്റ്റീൽ ബോട്ടുകളും 10 ഫൈബർ ബോട്ടുകളും 17-3-2005-ലെ ജി.ഒ.(ആർ.ടി)നം. 108/05/ട്രാൻ. പ്രകാരം 8 ഫൈബർ ബോട്ടുകളും 22-11-2005-ലെ ജി.ഒ.(ആർ.ടി) നം. 390/05/ട്രാൻ അനുസരിച്ച് 6 സ്റ്റീൽ ബോട്ടുകളും വാങ്ങാൻ സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ട്.

(ബി) 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 8-ഉം 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 3-ഉം സ്റ്റീൽ ബോട്ടുകൾ വാങ്ങിയിട്ടുണ്ട്.

(സി) 100 പി.സി.യുടെ ഓരോ ബോട്ടിനും ടാക്സുൾപ്പെടെ 38,17,900 രൂപ വീതവും 75 പിസിക്ക് 37,13,300 രൂപ വീതവും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly